പതിനാലാം കേരള നിയമസഭ

പതിനഞ്ചാംസമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 759 29.05.2019 ൽ മറുപടിക്ക്

**ദേവസ്വം ബോർഡിലെ പട്ടികജാതി പട്ടികവർഗ്ഗ സംവരണം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.പി.സി. ജോർജ് | | കടകംപള്ളി സുരേന്ദ്രൻ (സഹകരണവും ടൂറിസവും ദേവസ്വവും വകുപ്പ് മന്ത്രി) | |
| (എ) | പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക്,ദേവസ്വം ബോർഡ് സ്ഥാപനങ്ങളിൽ ഹിന്ദുജനസംഖ്യ ആനുപാതികമായി ഇരുപതു ശതമാനം സംവരണം നൽകുന്ന കാര്യം പരിഗണനയിൽ ഉണ്ടോ; എങ്കിൽ വിശദമാക്കാമോ; | (എ) | ഹിന്ദു ജന സംഖ്യയ്ക്കാനുപാതികമായി ദേവസ്വം ബോർഡ് നിയമനങ്ങളിൽ പട്ടികജാതി പട്ടിക വർഗ്ഗ വിഭാഗങ്ങൾക്ക് 20 % സംവരണം സംബന്ധിച്ച പഠനങ്ങൾ ഒന്നും നടത്തിയിട്ടില്ല. |
| (ബി) | പട്ടികജാതി പട്ടികവർഗ്ഗ സംവരണം, ഹിന്ദുജനസംഖ്യ ആനുപാതികമായി വർധിപ്പിച്ചു നൽകണമെന്ന് കാണിച്ച് ഏതൊക്കെ വ്യക്തികളും സംഘടനകളുമാണ് സർക്കാരിൽ അപേക്ഷകൾ നൽകിയിട്ടുള്ളത്, പ്രസ്തുത അപേക്ഷകളുടെ പകർപ്പ് ലഭ്യമാക്കാമോ; | (ബി) | എസ്.സി./എസ്.റ്റി എംപ്ലോയീസ് വെൽഫയർ അസോസിയേഷൻ അപേക്ഷ ലഭ്യമാക്കിയിട്ടുണ്ട്. അപേക്ഷയുടെ പകർപ്പ് <u>അനുബന്ധമായി</u> ചേർക്കുന്നു. |
| (സി) | പട്ടികജാതി പട്ടികവർഗ്ഗ ജനവിഭാഗങ്ങൾക്ക്, ഹിന്ദുജനസംഖ്യ ആനുപാതികമായി ദേവസ്വം ബോർഡിൽ ജോലിക്കായി ഇരുപതു ശതമാനം സംവരണം നൽകിക്കൊണ്ട് ദേവസ്വം റിക്രൂട്ട്മെന്റ് റൂളിൽ ഭേദഗതി വരുത്തുന്നകാര്യം പരിഗണിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കാമോ? | (സി) | ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ

3298313/2019/REV





# SC/ST EMPLOYEES WELFARE ASSOCIATION
## (STATE COMMITTEE)



Reg. No. TVM/TC/1144/2018
HO : Asha Nivas, Shambuthangi, Kokkottela, Kuttichal. P.O., Thiruvananthapuram - 695574
Phone : 9188165037, 8547589924, 9605115124

എ.അനിൽ കുമാർ
ജനറൽ സെക്രട്ടറി,എസ് സി,എസ് റ്റി എംപ്ലോയിസ് വെൽഫെയർ അസോസിയേഷൻ(സ്റ്റേറ്റ് കമ്മിറ്റി)
ആഷ നിവാസ്,ശംപുതാങ്ങി,കുറ്റിച്ചൽ പി.ഒ
തിരുവനന്തപുരം 695574
ഫോൺ [illegible]

സെക്രട്ടറി
റവന്യൂ(ദേവസ്വം വകുപ്പ്)
ഗവൺമെന്റ് സെക്രട്ടറിയേറ്റ്

**ദേവസ്വം ബോർഡുകളിൽ പട്ടിക ജാതി സംവരണം 19 % ആക്കണമെന്നും പട്ടിക വർഗ്ഗ സംവരണം 3% ആക്കണമെന്നുമുള്ള അപേക്ഷ**

കേരളത്തിലെ ദേവസ്വം ബോർഡ് ഉടമസ്ഥതയിലുള്ള ക്ഷേത്രങ്ങളിലെയും മറ്റ് സ്ഥാപനങ്ങളിലെയും നിയമനം ദേവസ്വം റിക്രൂട്ട്മെന്റ് വഴി നടത്താൻ തീരുമാനിച്ച ഇടതുപക്ഷ സർക്കാറിന് അഭിവാദ്യങ്ങൾ.

കേരളത്തിൽതിരുവിതാംകൂർ,കൊച്ചി,ഗുരുവായൂർ,മലബാർ,കൂടൽമാണിക്യം എന്നീ 5 ദേവസ്വം ബോർഡുകളാണ് ഉള്ളത്. 3000 ത്തോളം ക്ഷേത്രങ്ങൾ8 ലധികം കോളേജുകളും നിരവധി സ്കൂളുകളും ദേവസ്വം ബോർഡുകളുടെ കീഴിൽപ്രവർത്തിച്ച് വരുന്നു.കഴിഞ്ഞ 60 വർഷം മേൽസ്ഥാപനങ്ങളിൽസംവരണ വിഭാഗങ്ങൾപലകാരണങ്ങൾകൊണ്ടും പ്രവേശനം ലഭിച്ചിരുന്നില്ല.

നിലവിൽദേവസ്വം റിക്രൂട്ട് മെന്റ് ബോർഡുകൾവഴിയാണ് നിയമനം നടന്നുവരുന്നത് സ്വാഗതാർഹമാണ്.

**എന്നാൽ സർക്കാർ/ദേവസ്വം ബോർഡ് നിയമന ചട്ടം രൂപീകരിച്ചപ്പോൾ പട്ടിക ജാതി പട്ടിക വർഗ്ഗ സംവരണ വിഭാഗങ്ങൾക്ക് ഹിന്ദുജനസംഖ്യയ്ക്ക് ആനുപാതികമായ സംവരണം നൽകാതെയാണ് നിയമന ചട്ടം**

**രൂപീകരിച്ചത്.**

/ദേവസ്വം ബോർഡിൽഹിന്ദു മതക്കാർക്ക് മാത്രമേ ജോലി ചെയ്യാൻഅവസരമുള്ളു എന്ന സ്ഥിതിയ്ക്ക് ഹിന്ദു ജനസംഖ്യയുടെ അനുപാതത്തിലാണ് സംവരണ ചട്ടം രൂപീകരിക്കേണ്ടത്.എന്നാൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷനിലെ സംവരണ അനുപാതത്തിലാണ് നിലവിൽ സംവരണം നൽകി വരുന്നത്.

**2011 ലെ സെൻസസ് അനുസരിച്ച് കേരളത്തിലെ ആകെ ജന സംഖ്യ വിവരങ്ങൾ ചുവടെ ചേർക്കുന്നു.**

| | | | |
|---|---|---|---|
| **ആകെ ജനസംഖ്യ** | 3.338 **കോടി** | | |
| **ഹിന്ദു ജനസംഖ്യ** | 1,82,82,492 | | |
| **പട്ടിക ജാതി ജന സംഖ്യ** | 30,39,573 | 16.62 | % **(ഹിന്ദുക്കളിൽ)** |
| **പട്ടിക വർഗ്ഗ ജനസംഖ്യ** | 4,84,839 | 2.65 | % **(ഹിന്ദുക്കളിൽ)** |

2011 ശേഷം തച്ചർ പെരുവണ്ണാൻ സമുദായങ്ങളെ പട്ടിക ജാതി ലിസ്റ്റിൽ ഉൾപ്പെടുത്തി.ആയതിനാൽ പട്ടിക ജാതി വിഭാഗങ്ങളുടെ എണ്ണം ഇപ്പോൾ വർദ്ധിച്ചിട്ടുണ്ട്.

നിലവിൽ പട്ടിക ജാതി ജനസംഖ്യ ഹിന്ദു ജന സംഖ്യയുടെ 19% വരും

പട്ടിക വർഗ്ഗ ജനസംഖ്യ ഹിന്ദു ജനസംഖ്യയുടെ 3 % വും

ഇപ്രകാരം ജനസംഖ്യാനുപാധിക മായി പട്ടിക ജാതി വിഭാഗങ്ങൾക്ക് ദേവസ്വം ബോർഡിൽ 19% സംവരണവും

പട്ടിക വർഗ്ഗ വിഭാഗങ്ങൾക്ക് 3% സംവരണവും നൽകേണ്ടതുണ്ട്.

നാളിതു വരെ പട്ടിക ജാതി വർഗ്ഗ വിഭാഗങ്ങൾക്ക് ദേവസ്വം ബോർഡിൽ നിയമനം ലഭിക്കാത്തതിനാൽ അവർക്കായി സ്പെഷ്യൽ റിക്രൂട്ട് മെന്റും നടത്തേണ്ടതുണ്ട്.

നിലവിൽ ദേവസ്വം നിയമന ചട്ടങ്ങളിലെ റൊട്ടേഷൻ ചാർട്ടിൽ പട്ടിക വർഗ്ഗക്കാരെ 44,92 എന്നീ റൊട്ടേഷനിലാണ് ഉൾപ്പെടുത്തിയിരുക്കുന്നത്.ആയതു കൊണ്ട് തന്നെ ഒരു തസ്തികയിലും ഇവർക്ക് നിയമനം ലഭിക്കുന്നില്ല.

3298313/2019/REV

മേൽ വിഷയങ്ങൾ അനുഭാവ പൂർവ്വം പരിഗണിക്കണമെന്ന് അപേക്ഷിക്കുന്നു.

വിശ്വസ്തതയോടെ

എ.അനിൽ കുമാർ

തിരുവനന്തപുരം,
27.02.2019.